പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.249 — 07/08/2017-ൽ മറുപടിക്ക്

## ഒറ്റപ്പാലം ആയുർവേദാശുപത്രിയിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനം

**ചോദ്യം**

ശ്രീ. പി ഉണ്ണി

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം ആയുർവേദാശുപത്രിയിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; | (എ) | തുക അനുവദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ ടി സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ബാധകമല്ല |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി എത്ര തുക ചെലവഴിച്ചു; എന്തെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ? | (സി) | 24.05.2017-ലെ സ.ഉ.(സാധാ) നം.203/2017/ആയുഷ് ഉത്തരവ് പ്രകാരം ശ്രീ.പി.ഉണ്ണി എം.എൽ.എ.-യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും ഒ.പി. ബ്ലോക്കിനായി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പണി പുരോഗമിച്ചു വരുന്നു.<br>2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി പ്രകാരം "4210-02-103-94 നിർമ്മാണ പ്രവർത്തികൾ" എന്ന ശീർഷകത്തിൽ നിന്നും പുരുഷ വാർഡ് നിർമ്മാണത്തിനായി 39,85,758/- (മുപ്പത്തൊൻപത് ലക്ഷത്തി എൺപത്തയ്യായിരത്തി എഴുന്നൂറ്റി അൻപത്തിയെട്ട് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ